"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ക്ലർക്ക് തസ്തികയിലെ അന്യത്രസേവനം - ശ്രീമതി മഞ്ജുമോൾ എൻ.ആർ.-ന്റെ അന്യത്രസേവന കാലാവധി രണ്ടാം തവണ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.407/2025/LBR തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-
1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 26/02/2024-ലെ സ.ഉ.(സാധാ) നമ്പർ 264/2024/തൊഴിൽ.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/03/2025-ലെ TWWFB/CEO/371/2024-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് സേവനമനുഷ്ഠിച്ചുവരുന്ന, കെ.എസ്.ആർ.ടി.സി. കോട്ടയം യൂണിറ്റിലെ കണ്ടക്ടർ, ശ്രീമതി മഞ്ജുമോൾ എൻ.ആർ.-ന്റെ അന്യത്രസേവന കാലാവധി രണ്ടാം തവണ ദീർഘിപ്പിച്ചു നൽകുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി. കോട്ടയം യൂണിറ്റിലെ കണ്ടക്ടർ, ശ്രീമതി മഞ്ജുമോൾ എൻ.ആർ.-ന്റെ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ക്ലർക്ക് തസ്തികയിലെ അന്യത്രസേവന കാലാവധി, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 12/03/2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
O B ARUN KUMAR
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം-695023 (11/03/2025-ലെ S001-AVA05/25/25-ADM-KSRTC-HQ നമ്പർ കത്ത് പ്രകാരം).

ശ്രീമതി മഞ്ചുമോൾ എൻ.ആർ., കണ്ടക്ടർ (കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/51/2025-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Arun S R
Date: 27-05-2025 11:27:41
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.